

# ശനിയാഴ്ച ദിവസം
## അല്ലാഹു നിങ്ങൾക്കുമേൽ ഫർളാക്കിയതല്ലാത്ത
## ഒരു നോമ്പും എടുക്കരുത്

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

عَنْ عَبْدِ اللهِ بْنِ بُسْرٍ، عَنْ أُخْتِهِ، أَنَّ رَسُولَ اللهِ ﷺ قَالَ: لَا تَصُومُوا يَوْمَ السَّبْتِ إِلَّا فِيمَا افْتَرَضَ اللهُ عَلَيْكُمْ، فَإِنْ لَمْ يَجِدْ أَحَدُكُمْ إِلَّا لِحَاءَ عِنَبَةٍ أَوْ عُودَ شَجَرَةٍ فَلْيَمْضُغْهُ.

[رواه الترمذي وأبو دَاوُد وغيرهما وصححه الألباني]

അബ്ദുല്ല ബിൻ ബുസ്ർ അദ്ദേഹത്തിന്റെ സഹോദരിയിൽ رَضِيَ اللَّهُ عَنْهَا നിന്ന് നിവേദനം. നിശ്ചയമായും അല്ലാഹുവിന്റെ റസൂൽ صَلَّى اللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: “ശനിയാഴ്ച ദിവസം അല്ലാഹു നിങ്ങൾക്കുമേൽ ഫർളാക്കിയതൊഴികെ ഒരു നോമ്പും എടുക്കരുത്. നിങ്ങളി ലൊരുവന് ഒരു മുന്തിരിവള്ളിയോ, അല്ലെങ്കിൽ മരത്തിന്റെ കമ്പോ അല്ലാതൊന്നും കിട്ടിയില്ലെങ്കിൽ അതു ചവച്ചിറക്കട്ടെ അവൻ".

[തിർമുദിയും അബൂ ദാവൂദും അവരുടെ സുനനുകളിൽ ഉദ്ധരിച്ചത്]

ഇമാം അൽബാനി رَحِمَهُ ٱللَّهُ പറയുന്നു:

فإنه كما قال ابن القيم في "تهذيب السنن": دليل على المنع من صومه في غير الفرض مفردا أو مضافا لأن الاستثناء دليل التناول وهو يقتضي أن النهي عنه يتناول كل صور صومه إلا صورة الفرض ولو كان إنما يتناول صورة الأفراد لقال: لا تصوموا يوم السبت إلا أن تصوموا يوما قبله أو يوما بعده كما قال في الجمعة فلما خص الصورة المأذون فيها صومها بالفريضة علم تناول النهي لما قابلها". [تمام المنة]

“കാര്യം ഇബ്നുൽ ഖയ്യിം رَحِمَهُ ٱللَّهُ തഹ്ദീബുസ്സുനനിൽ പറഞ്ഞതു പോലെ, ഒറ്റക്കോ മറ്റൊരു ദിവസത്തിന്റെ കൂടെ ചേർത്തോ നോമ്പെടുക്കുന്നതിനെ വിലക്കുന്ന ദലീലാണിത്. കാരണം ‘ഒഴികെ’ എന്ന വാക്ക് എടുക്കാവുന്നത് ഏതുമാത്രമാണെന്ന് അറിയിക്കുന്നു. നോമ്പിനുള്ള വിലക്ക് ‘ഫർളായ’ രൂപമല്ലാത്ത മറ്റെല്ലാ രൂപത്തിനും ബാധകമാണെന്നാണ് അതിന്റെ താൽപര്യം. ‘ഒറ്റക്കു' നോമ്പെടുക്കുന്നതിനാണ് വിലക്ക് ബാധകമാവുകയെങ്കിൽ പറയേണ്ടിയിരുന്നത് ഇങ്ങനെയായിരുന്നു: “ശനിയാഴ്ച ദിവസം നിങ്ങൾ നോമ്പെടുക്കരുത്; അതിന്റെ മുമ്പോ പിമ്പോ ഒരു ദിവസം കൂടി എടുത്തിട്ടല്ലാതെ", വെള്ളിയാഴ്ചയുടെ കാര്യത്തിൽ പറഞ്ഞതു പോലെ. എന്നാൽ ശനിയാഴ്ചയുടെ കാര്യത്തിൽ അനുവാദം നൽകിയിട്ടുള്ള രൂപം ‘ഫർളു’ മാത്രമാണെന്നത്, അതല്ലാത്ത മറ്റെല്ലാ രൂപത്തിനും വിലക്കു ബാധകമാണെന്ന അറിവ് നൽകുന്നു”.

[തമാമുൽ മിന്നഃ]

وصلى الله وسلم وبارك على نبينا محمد وعلى آله صحبه أجمعين،

والحمد لله رب العالمين.

— അബൂ തൈമിയ്യ ഹനീഫ് ബാവ حفظه الله

03 ശവ്വാൽ 1445 / 13 ഏപ്രിൽ 2024

• • • • •

ഖുർആനും സുന്നത്തും സലഫുകളുടെ മൻഹജ്
അനുസരിച്ച മനസ്സിലാക്കുവാനും പഠിക്കുവാനും
ഉതകുന്ന ഗ്രന്ഥങ്ങളും കഴമ്പുള്ള ലേഖനങ്ങളും

ISLAMBOOKS.IN

www.islambooks.in

ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും
വായിക്കുന്നവർക്കുള്ള ഒരു മാർഗ്ഗരേഖ

ഖുർആൻ വിവരണം

www.quranvivaranam.com

ഖുർആനും സുന്നത്തും സച്ചരിതരായ പൂർവികർ
മനസ്സിലാക്കിയ പോലെ അതിന്റെ ഏറ്റവും
പരിശുദ്ധവും വ്യക്തവുമായ രൂപത്തിൽ പഠിക്കാൻ

ilmusSalaf
Darul Hadeeth As-Salafiyya,Kerala

www.ilmussalaf.com